**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2275** **12-12-2022 - ൽ മറുപടിയ്ക്ക്**

**അക്കൗണ്ടന്റ് ജനറൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിയ്യൂർ സെൻട്രൽ ജയിലിൽ അക്കൗണ്ടന്റ് ജനറൽ പരിശോധന നടത്തിയതിൽ എന്തെല്ലാം കാര്യങ്ങളാണ് കണ്ടെത്തിയത് എന്ന് വിശദമാക്കാമോ; ഇത് സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | വിയ്യൂർ സെൻട്രൽ ജയിലിൽ അക്കൗണ്ടന്റ് ജനറൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ടിൽ 8 നിരീക്ഷണങ്ങളാണുള്ളത്. ഇതിന്മേലുള്ള അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (ബി) | കഴിഞ്ഞ ആറു മാസത്തിനുള്ളിൽ സംസ്ഥാനത്തെ ഏതെല്ലാം ജയിലുകളിൽ എ.ജി. യുടെ പരിശോധന നടത്തിയിട്ടുണ്ടെന്നും അവിടെയെല്ലാം കണ്ടെത്തിയ ക്രമക്കേടുകൾ എന്തെല്ലാമെന്നുമുള്ള വിവരം ലഭ്യമാക്കുമോ; കണ്ടെത്തിയ ക്രമക്കേടുകളുടെ റിപ്പോർട്ടുകൾ ലഭ്യമാക്കുമോ; | (ബി) | 1-1-2022 മുതൽ ജയിൽ വകുപ്പിന്റെ 7 സ്ഥാപനങ്ങളിൽ അക്കൗണ്ടന്റ് ജനറൽ പരിശോധന നടത്തിയിട്ടുണ്ട്.ഇതിന്മേലുള്ള അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.<br><br>സ്ഥാപനങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.<br><br>1. സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, വിയ്യൂർ<br><br>2.സ്പെഷ്യൽ സബ് ജയിൽ, മാവേലിക്കര<br><br>3.ജില്ലാ ജയിൽ, മുട്ടം, ഇടുക്കി<br><br>4.ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോം, ചീമേനി<br><br>5.ജില്ലാ ജയിൽ, കണ്ണൂർ<br><br>6. ജില്ലാ ജയിൽ, മാനന്തവാടി<br><br>7. ജയിൽ ആസ്ഥാന കാര്യാലയം, തിരുവനന്തപുരം |
| (സി) | സംസ്ഥാന വിവരാവകാശ കമ്മീഷനിൽ അക്കൗണ്ടന്റ് ജനറൽ പരിശോധന നടത്തിയിട്ടുണ്ടോ;എങ്കിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ വിവരം ലഭ്യമാക്കുമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | ഉണ്ട്. 01.01.2017 മുതൽ 31.08.2022 വരെയുള്ള കാലയളവിലെ അക്കൗണ്ട്സും രജിസ്റ്ററുകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 9 നിരീക്ഷണങ്ങൾ അക്കൗണ്ടന്റ് ജനറൽ രേഖപ്പെടുത്തുകയും ആയതിന് 22.11.2022 ൽ മറുപടി നൽകിയിട്ടുള്ളതുമാണ്. ഇതിന്മേലുള്ള അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | മലപ്പുറം മലബാർ സ്പെഷ്യൽ പോലീസ് ഓഫീസിൽ എ.ജി. നടത്തിയ ഓഡിറ്റിൽ എന്തെല്ലാം ക്രമക്കേടുകൾ കണ്ടെത്തി എന്ന വിവരം ലഭ്യമാക്കുമോ; ഇത് സംബന്ധിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ഡി) | മലപ്പുറം മലബാർ സ്പെഷ്യൽ പോലീസ് ഓഫീസിൽ എ.ജി. നടത്തിയ ഓഡിറ്റിന്റെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ